(സി) അഞ്ചു കുട്ടികൾ മാത്രം ൪-ാം ഫാറത്തിൽ ഉള്ളതായി ഗവണ്മെണ്ടിനു റിപ്പോർട്ട് കിട്ടീട്ടുണ്ട്. ഇവരെ പുതുതായി ചേർത്തതല്ല. ആ സ്കൂളിലെ ൩-ാംക്ലാസ്സിലെ കുട്ടികൾ ക്രമപ്രകാരം പ്രമോഷൻ കിട്ടി ൪-ാംഫാറത്തിൽ എത്തിയവരാണ്.

(ഡി) ഇല്ല.

(ഇ) ശ്രീ. കവണപ്പിള്ളിൽ ഗോവിന്ദപ്പണിക്കർ.

കൊച്ചി ഡിവിഷനിൽ പുതുതായി എയിഡു കൊടുത്തിട്ടുള്ള സ്കൂളുകൾ

൨൧൭. (൪) ശ്രീ. ഇട്ടിര അമ്മുക്കൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൪൮, ൧൯൪൯ എന്നീ വർഷങ്ങളിൽ കൊച്ചി ഡിവിഷനിൽ പുതുതായി ഗവണ്മെണ്ടിൽനിന്നും "എയിഡു" കൊടുത്തിട്ടുള്ള ഹൈസ്കൂളുകളെത്ര; ലോവർസെക്കണ്ടറി സ്കൂളുകൾ എത്ര;

(ബി) അപ്രകാരം "എയിഡ്" കൊടുത്തിട്ടുള്ള സ്കൂളുകളുടെ പേരുകളും ടി സ്കൂൾ മാനേജരന്മാരുടെ പേരുകളും എതെല്ലാം ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ഹൈസ്കൂൾ ഒന്നു്. ലോവർ സെക്കണ്ടറി സ്കൂൾ ഒന്നു്.

(ബി) (൧) സെൻറ് ഫ്രാൻസിസു് ഹൈസ്കൂൾ, മഠം.

(൨) ലോവർ സെക്കണ്ടറി സ്കൂൾ, വണ്ടിത്താവളം.

(൧) റവ: ഫാദർ ജയിക്കബ്ബു് അറക്കൽ, മാനേജർ സെൻറ ഫ്രാൻസിസു് ഹൈസ്കൂൾ, മഠം.

(൨) ശ്രീ. ടി. മാധവൻനായർ, മാനേജർ, ലോവർസെക്കണ്ടറി സ്കൂൾ, വണ്ടിത്താവളം.

രാമൻചിററോഡു്

൨൧൮. (൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇമ്പമൺ കോഴഞ്ചേരി റോഡിൽ രാമൻചിറ എന്ന സ്ഥലത്തു് റോഡു സഞ്ചാരയോഗ്യമല്ലാതെ കിടക്കുകയാണെന്നു ഗവണ്മെണ്ടിനറിയാമോ, അതു എത്രനാളായി സഞ്ചാരയോഗ്യമല്ലാതെ കിടക്കുന്നു ;

(ബി) ആ റോഡിൻറെ വളവു് തീർക്കുന്നതിനായി പൊന്നുംവില കൊടുത്തു് സ്ഥലം എടുത്തിട്ടുണ്ടോ , എത്ര സെൻറ സ്ഥലം എടുത്തു; പൊന്നുംവില കൊടുത്ത സംഖ്യ എത്ര;

(സി) സ്ഥലം എടുത്തതു് എന്നാണെന്നും അതിപ്പോൾ ആരുടെ കൈവശമാണെന്നും പറയുവാൻ ദയവുണ്ടാകുമോ ;

(ഡി) അവിടെ റോഡിൻറെ വളവു തീർക്കുന്നതിനും പാലം കെട്ടുന്നതിനും എത്ര ചിലവു വരുമെന്നു പറയാമോ ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു് :

(എ) അറിയാം. ഇതുവരെ സഞ്ചാരയോഗ്യമായിട്ടില്ല.

(ബി) ഇല്ല. വൃദ്ധസെൻറ് എടുക്കാൻ ഗവണ്മെണ്ടു് അനുവദിച്ചിട്ടുണ്ടു്. പൊന്നുംവില കൊടുത്തിട്ടില്ല.

(സി) എടുത്തിട്ടില്ല. സ്ഥലം ഇപ്പോൾ അതാതു ഭൂമിയുടമസ്ഥന്മാരുടെ കൈവശമിരിക്കുന്നു.

(ഡി) ഉദ്ദേശം ൨ ൽ,൨൫ ൦ രൂപാ ചിലവാകും.

കിടങ്ങന്നൂർ—ഇലവന്തിട്ട റോഡു്

൨൧൯. (൬) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കിടങ്ങന്നൂർ ചന്തയിൽനിന്നും ഇലവന്തിട്ട ചന്തയിലേക്കുമെഴുവേലിയിൽക്കൂടെയുള്ള റോഡു് വാഹനങ്ങൾക്കു ഗതാഗതയോഗ്യമല്ലാതെ കിടക്കുകയാണെന്നു ഗവണ്മെണ്ടിനറിയാമോ ;

LIBRARY ARCHIVES Kerala Legislative Assembly